# നന്മയുടെ പ്രകാശം വരട്ടെ

## ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

വായനക്കാർക്ക് എന്റെ എളിയ ക്രിസ്തുമസ് ആശംസകൾ. യേശുക്രിസ്തുവിന്റെ ജനനപ്പെരുന്നാൾ ലോകത്തിന്റെ മിക്ക ഭാഗങ്ങളിലും ജാതിമതഭേദമെന്യേ സമാധാനത്തിന്റെയും സന്തോഷത്തിന്റെയും തിരുനാളായി ആഘോഷിക്കുന്നു.

2000 വർഷം മുമ്പാണ് സ്വർഗ്ഗീയമായ മാലാഖമാർ ബേത്‌ലഹേമിലെ മലമ്പുറങ്ങളിൽ ആടിനെ നോക്കിക്കൊണ്ടു കിടന്ന പാവപ്പെട്ടവരായ ആട്ടിടയന്മാരോട് സദ്വാർത്ത അറിയിച്ചത്. ലോകരക്ഷകൻ ജാതം ചെയ്തത് രാജകൊട്ടാരത്തിലൊന്നുമല്ല. വഴിയമ്പലത്തിൽ സ്ഥലമില്ലാഞ്ഞിട്ട് പുറത്ത് പശുക്കളുടെ തൊഴുത്തിലെ പുൽക്കൂട്ടിലായിരുന്നു ആ മഹാജനനം.

എന്നാലിന്ന്, 2000 വർഷം കഴിഞ്ഞിട്ടും ലോകത്തിൽ സമാധാനമില്ല. സന്തോഷവുമില്ല. ലോകജനതയുടെ നാല്പത് ശതമാനത്തിനുമാത്രമേ മൂന്നു നേരം വയറുനിറച്ചു കഴിച്ച് കിടന്നുറങ്ങുവാൻ വകയുള്ളു. പക്ഷേ അവരുടെയിടയിൽത്തന്നെ അനീതിയും അക്രമവുമാണ് നടമാടുന്നത്. മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുന്നു. വിവാഹബന്ധങ്ങൾ ശീഘ്റത്തിൽ ശിഥിലമായ്ക്കൊണ്ടിരിക്കുന്നു. മനുഷ്യർ സ്വാർത്ഥതയിലും സ്നേഹമില്ലായ്മയിലും കിടന്ന് നട്ടംകറങ്ങുന്നു. ക്രിമിനൽ കുറ്റങ്ങളുടെ സംഖ്യ പ്രതിവർഷം വർദ്ധിച്ചുവരുന്നു. എയ്ഡ്സിനും മയക്കുമരുന്നിനും അധീനരാവുന്നവരുടെ സംഖ്യാ വർദ്ധനവിന് നിയന്ത്രണമില്ലാതെ കാണുന്നു. ഭീകരപ്രവർത്തനങ്ങൾ സാധാരണക്കാരിൽപ്പോലും ഭീതി വളർത്തുന്നു. സർക്കാർ മുഴുവൻ അടിമുതൽ മുടി വരെ കോഴയും കൈക്കൂലിയും കൊണ്ട് നാറുന്നു. പണമുണ്ടെന്നു പറയാവുന്ന നാല്പതു ശതമാനത്തിന് പോലും സാമൂഹ്യഭദ്രതയോ മനഃസമാധാനമോ യഥാർത്ഥത്തിൽ സംസിദ്ധമാകുന്നില്ല.

മറ്റേ അറുപതു ശതമാനത്തിന്റെ നിലയെന്താണ്? കുഞ്ഞുങ്ങൾ അരപ്പട്ടിണിയാണ്. കിടപ്പാടം ഉണ്ടെങ്കിൽ അത് പൊളിഞ്ഞ് ജീർണ്ണിച്ചു കിടക്കുന്നു. തൊഴിലുണ്ടെങ്കിൽ അത് എപ്പോഴാണ് ഇല്ലാതായിത്തീരുന്നതെന്നറിഞ്ഞുകൂടാ. പകുതിപ്പേർ വഴിയിലാണ് കിടപ്പ്. തൊഴിലെടുക്കുന്നവർക്ക് ജീവസന്ധാരണത്തിനുള്ള വക കൂലിയായിക്കിട്ടുന്നില്ല. മർദ്ദനത്തിൽ നിന്നും ചൂഷണത്തിൽ നിന്നും രക്ഷ നേടുവാൻ അധികം പേരും വഴികാണുന്നില്ല. ധനികനും ദരിദ്രനും തമ്മിലുള്ള വിടവ് പ്രതിവർഷം വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

ഇങ്ങനെ അനീതിനിറഞ്ഞ ഒരു ലോകത്തിന് എന്താശംസയാണ് ക്രിസ്തുമസ് പ്രമാണിച്ചു നൽകുവാൻ സാധിയ്ക്കുക? അനീതിയുടെ അടിമയിൽക്കിടക്കുന്നവർ ഈശ്വരസഹായവും സൻമനസ്സുള്ള മനുഷ്യരുടെ സഹകരണവുംകൊണ്ട് തങ്ങളെത്തന്നെ വിമോചിതരാക്കുവാൻ ശക്തരായിത്തീരട്ടെ. മനുഷ്യനെ സഹായിയ്ക്കുവാൻ വേണ്ടിയുണ്ടാക്കിയിട്ടുള്ള രാഷ്ട്രഘടനകളും ഐക്യരാഷ്ട്ര സംഘടനയുമൊക്കെ നാൽപതു ശതമാനത്തിന്റെ ഉപകരണങ്ങളായിത്തീരാതെ, മനുഷ്യരാശിയുടെ മുഴുവൻ ഉന്നമനത്തിനും നീതിനിഷ്ഠമായ ഒരു സമൂഹത്തിന്റെ കെട്ടുപണിയ്ക്കും ഉതകട്ടെ. ആഗോളകമ്പോള വ്യവസ്ഥിതിയുടെ വലയിൽപ്പെട്ടു കിടക്കുന്ന മനുഷ്യവർഗ്ഗം വല പൊട്ടിച്ച് പുറത്തിറങ്ങി, അനീതിയും ചൂഷണവുമില്ലാത്ത, മനുഷ്യന്റെ അന്തസ്സും സ്വാതന്ത്ര്യവും കാത്തുസൂക്ഷിക്കുന്ന, ഒരു പുതിയ ലോകവ്യവസ്ഥിതിയിലേയ്ക്ക് ലോകത്തെ നയിയ്ക്കട്ടെ.

രാഷ്ട്രീയ മണ്ഡലങ്ങളിൽ നേരും നെറിവും തിരികെ വരട്ടെ. കുടുംബങ്ങളിൽ സമാധാനം വിലസട്ടെ. മനുഷ്യബന്ധങ്ങൾ സ്നേഹത്തിലും പരസ്പര സഹകരണത്തിലും അധിഷ്ഠിതങ്ങളായിത്തീരട്ടെ. യുദ്ധവും ഭീകരപ്രവർത്തനങ്ങളും ആയുധക്കച്ചവടവും നീങ്ങിപ്പോയിട്ട്, മനുഷ്യർ പരസ്പരം സഹകരിച്ച് സമാധാനത്തിന്റയും നീതിയുടെയും മാർഗ്ഗങ്ങളെ അനുധാവനം ചെയ്യട്ടെ. സ്ത്രീകളും കുഞ്ഞുങ്ങളും അക്രമവിധേയരാകാതെ സ്നേഹഭാജനങ്ങളായി സമാധാനത്തിൽ ജീവിയ്ക്കുമാറാകട്ടെ. തൊഴിലാളിവർഗ്ഗം മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ പുരോഗതിക്കും ശ്രേയസ്സിനും വേണ്ടി അദ്ധ്വാനിയ്ക്കുന്നവരായിത്തീരട്ടെ.

തിൻമയുടെ അന്ധകാരം നീങ്ങിപ്പോയിട്ട്, മനുഷ്യഹൃദയങ്ങളിലും മനുഷ്യ സമൂഹത്തിലും സ്നേഹത്തിന്റെയും നൻമയുടെയും പ്രകാശം ഉദിയ്ക്കട്ടെ.

(*അദ്ധ്യാപകലോകം*, ജനുവരി 1996)